# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.565 — 28.02.2017-ൽ മറുപടിയ്ക്ക്

### നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ.പി.വി.അൻവർ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആലോചനയോഗങ്ങൾ നടന്നിരുന്നോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള തുടർ നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ വികസനവുമായി ബന്ധപ്പെട്ട സാധ്യതകൾ ചർച്ച ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി മണ്ഡലം എം.എൽ.എ. ചെയർമാനും മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ഒരു കമ്മിറ്റി 11.10.2016 ന് രൂപീകരിച്ച് യോഗം ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പ്രസ്തുത മണ്ഡലത്തിൽ കേരള ബാംബൂ കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നീ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; | ബി) മണ്ഡലത്തിൽ കേരള ബാംബൂ കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നിവർ ഇതുമായി ബന്ധപ്പെട്ട വ്യവസായം ആരംഭിക്കുന്നത് പരിഗണിക്കാമെന്ന് ആലോചനാ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. |
| സി) മണ്ഡലത്തിൽ നൂറ് ഏക്കറോളം സ്ഥലം ലഭിക്കുവാൻ സാധ്യതയുള്ളതിനാൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ? | സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ